**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3492** **02-03-2023 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയെ (കെ.എസ്.എസ്.ഡി.എ.) ആധുനികീകരിച്ച് ഗുണമേന്മയുള്ള വിത്തിനങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പര്യാപ്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ? | (എ) | കേരള സംസ്ഥാന വിത്തുവികസന അതോറിറ്റിയെ (കെ.എസ്.എസ്.ഡി.എ) ആധുനീകരിച്ച് ഗുണമേന്മയുള്ള വിത്തിനങ്ങൾ ഉത്പാദിപ്പിക്കുന്നതിന് പര്യാപ്തമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>• ആർ.എസ്.ജി.പി (രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം) കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എല്ലാ വർഷവും ടാർജറ്റ് നിശ്ചയിച്ച് നെൽവിത്ത് ഉത്പാദനം ഉറപ്പാക്കുകയും ഇപ്രകാരം ഉത്പാദിപ്പിച്ച നെൽവിത്ത് കേരള സംസ്ഥാന വിത്തുവികസന അതോറിറ്റിയുടെ പ്രോസ്സസിംഗ് പ്ലാന്റുകളിൽ മികച്ച രീതിയിൽ പ്രോസ്സസിംഗ് ചെയ്ത് സംഭരണം നടത്തി കർഷകർക്ക് നൽകി വരികയും ചെയ്യുന്നു. ഫീൽഡ് പ്രോസ്സസിംഗ് പൂർണമായും ഒഴിവാക്കിക്കൊണ്ടും, പ്ലാന്റ് പ്രോസ്സസിംഗ് നടപ്പിലാക്കിക്കൊണ്ടും ഗുണമേന്മയുള്ള നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്.<br>• ഉത്പാദിപ്പിക്കപ്പെട്ട നെൽവിത്തിന്റെ ഗുണമേന്മ വിവിധ തലങ്ങളിൽ ശാസ്ത്രീയ |

| | | | | |
|---|---|---|---|---|
| | | | | രീതികൾ അവലംബിച്ച് ഉറപ്പാക്കി സീഡ് സർട്ടിഫിക്കേഷൻ സംവിധാനം നടപ്പിലാക്കി വരുന്നു.<br>• പ്രവർത്തനങ്ങൾ കൂടുതൽ ആധുനീകരിക്കുന്നതിന്റെ ഭാഗമായി കണ്ണാറ സീഡ് ഗോഡൗണിൽ ആധുനിക സൗകര്യങ്ങളോട്ടുകൂടിയ സീഡ് ടെസ്റ്റിംഗ് ലാബ് ആരംഭിക്കുന്നതിനും, ഏരുത്യാമ്പതി സീഡ് ഗോഡൗണിനോട് ചേർന്ന് ആധുനിക സൗകര്യങ്ങളോട്ടുകൂടിയതും കൂടുതൽ പ്രവർത്തന ക്ഷമതയുള്ളതുമായ പ്രോസ്സസിംഗ് പ്ലാന്റും പുതിയ ഗോഡൗണും ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ, കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി കൈകാര്യം ചെയ്യുന്ന നെൽ വിത്തിന്റെ ലഭ്യത, ഗുണനിലവാരം എന്നിവ ഉറപ്പു വരുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ